1197
3/9/15

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - വീയപുരം ഡിപ്പോയിൽ 09.02.1987-ൽ നടന്ന ലേലത്തിലുണ്ടായ സർക്കാർ നഷ്ടം എഴുതിത്തള്ളി ഉത്തരവാകുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (സാധാ.)നം. 389/2015/വനം തീയതി, തിരുവനന്തപുരം, 20.08.2015.

---

പരാമർശം : 1. റീജിയണൽ സൗത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 11.01.2008-ലെ ആർ.എസ്.8 -1303/05 നമ്പർ കത്ത്.

2. സംരക്ഷണ വിഭാഗം അഡീഷണൽ മുഖ്യവനപാലകന്റെ 20.09.2013 തീയതികളിലെ പ്രൊ(5)-5100/2008 നമ്പർ കത്തുകൾ.

## ഉത്തരവ്

വീയപുരം ഡിപ്പോയിൽ 09.02.1987-ൽ നടന്ന ലേലത്തിൽ വിറ്റ 45 ലോട്ട് തടികൾക്ക് സീനിയറേജ് + വേലക്കൂലി ചേർത്തുള്ള തുക വിലയായി ലഭിക്കാത്തതു കാരണം സർക്കാരിന് 1,24,783/- രൂപയുടെ നഷ്ടമുണ്ടായി. എന്നാൽ 20 വർഷം മുമ്പ് നടന്ന ലേലമാകയാൽ ടി നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നത് ബുദ്ധിമുട്ടാകയാൽ ടി തുക എഴുതിത്തള്ളണമെന്ന് റീജിയണൽ സൗത്ത് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പരാമർശം ഒന്നു പ്രകാരം ശുപാർശ ചെയ്തിരുന്നു.

Arrears of Revenue Pending Statement-കൾ പരിശോധിച്ചതിൽ 09.02.1987 -ൽ വീയപുരം ഡിപ്പോയിൽ നടന്ന ലേലത്തിലുണ്ടായ സർക്കാർ നഷ്ടമായ 1,24,783/- രൂപ pending statement -ൽ ഉൾപ്പെടുത്തിയിട്ടില്ല. 09.02.1987-ലെ ലേലത്തിൽ വിറ്റ 45 ലോട്ടുകൾക്കാണ് സീനിയറേജ് + വേലക്കൂലി ചേർന്നുള്ള തുക വിലയായി ലഭിക്കാത്തതു കാരണം നഷ്ടം ഉണ്ടായിട്ടുള്ളത്. ടി ലോട്ടുകളിൽ 5 ലോട്ടുകൾ സാൽവേജ് പ്രക്രിയ വഴി ട്രൈബൽ കോളനിയിൽ നിന്നും ശേഖരിച്ചതായിരുന്നു. ബാക്കി 40 ലോട്ടുകൾ വടശ്ശേരിക്കര റേയിഞ്ചിലെ ചെളിക്കൽ സെലക്ഷൻ ഫെല്ലിംഗ് കൂപ്പിൽ നിന്നും ശേഖരിച്ച് ഇറക്കിയിട്ടുള്ളതാണ്. ടി ലേലം നടന്ന കാലയളവിൽ ക്വാട്ടാ പ്രകാരം സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് തെരഞ്ഞെടുത്തതിനു ശേഷം ബാക്കിയുള്ള തടികളാണ് ലേലത്തിൽ വിറ്റതെന്നും അതു കാരണമാകാം തടികൾക്ക്

വില കുറഞ്ഞതെന്ന് അനുമാനിക്കുന്നുവെന്നും കൂടാതെ തടികൾക്കെല്ലാം വേലക്കൂലിയേക്കാൾ ഉയർന്ന വില ലഭിച്ചിട്ടുണ്ടെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി ലേലം നടന്നത് 15 വർഷം മുമ്പാണെന്നും ടി കാലയളവിൽ ജോലി നോക്കിയവരിൽ നിന്നും നഷ്ടം ഈടാക്കുക ദുഷ്ക്കരമാണെന്നും ടി തടികൾ സാൽവേജ് പ്രക്രിയ വഴി ശേഖരിച്ചതായതിനാൽ ലഭിച്ച വില വേലക്കൂലി കഴിച്ചുള്ള തുക സർക്കാർ ലാഭമായി കണക്കാക്കണമെന്നും നഷ്ടം ഈടാക്കുന്ന നടപടി അവസാനിപ്പിക്കണമെന്നും മറ്റുതരത്തിലുള്ള കാലതാമസം ഉണ്ടായതായി കാണുന്നില്ലെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 09.02.1987-ലെ വീയപുരം ഡിപ്പോയിൽ നടന്ന തടി ലേലത്തിൽ സർക്കാരിനുണ്ടായ 1,24,783/- (ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തി എഴുനൂറ്റി എൺപത്തി മൂന്നു രൂപ) രൂപയുടെ നഷ്ടം ഈടാക്കുവാൻ യാതൊരു നിർവ്വാഹമില്ലാത്തതിനാൽ സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നഷ്ടം എഴുതിത്തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
**കൃഷ്ണകുമാർ.റ്റി.വി.,**
ഡെപ്യൂട്ടി സെക്രട്ടറി.

മുഖ്യ വനപാലകൻ, തിരുവനന്തപുരം
അഡീഷണൽ മുഖ്യവനപാലകൻ (സംരക്ഷണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം.
(ഈ ഉത്തരവ് ധനകാര്യവകുപ്പിന്റെ അനുമതിയോടെ പുറപ്പെടുവിക്കുന്നു)
അക്കൗണ്ടന്റ് ജനറൽ ( എ&ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (28.07.2015-ലെ അനൗദ്യോഗികകുറിപ്പ് നം.49569//15/Fin പ്രകാരം)
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, കൊല്ലം.
വെബ് & മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.